**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2041 — 13.06.2019 ൽ മറുപടിക്ക്

## പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച ആശുപത്രി കെട്ടിടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | കഴിഞ്ഞ പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച ആശുപത്രി കെട്ടിടങ്ങളും പി.എച്ച്.സി. സെന്ററുകളും പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച ആശുപത്രികളുടെ പുനരുദ്ധാരണത്തിന് എൻ.എച്ച്.എം മുഖേന 2018-19 സാമ്പത്തിക വർഷത്തിൽ 27.56 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു. |
| (ബി) | മലപ്പുറം ജില്ലയിലെ പറവൂർ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി. കെട്ടിടം പ്രളയത്തിൽ സമ്പൂർണ്ണമായി തകർന്നതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പറപ്പൂർ ഗ്രാമപഞ്ചായത്തിലെ ഇരിങ്ങല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രം പ്രളയത്തിൽ നശിച്ചതിനാൽ പുതിയ കെട്ടിടം നിർമ്മിക്കാൻ VPS ഗ്രൂപ്പ് കെട്ടിട നിർമ്മാണം സ്പോൺസർ ചെയ്ത് തരാമെന്ന് അറിയിക്കുകയും എന്നാൽ കെട്ടിടം നിലനിന്നിരുന്ന സ്ഥലത്ത് ഫ്രീഫാബ് കെട്ടിടം നിർമ്മിക്കാനാവശ്യമായ സാമഗ്രികൾ എത്തിക്കുവാൻ മതിയായ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ VPS ഗ്രൂപ്പ് പിന്മാറുകയും ചെയ്തു. ആയതിനാൽ ഇരിങ്ങല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ എൻ.എച്ച്.എം സപ്ലിമെന്ററി പി.ഐ.പി. യിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പി.എച്ച്.സി. കെട്ടിടം അടിയന്തരമായി പൂർത്തീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ